കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1971/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ – വെബ് – www.lfa.kerala.gov.in
ഫോൺ – 0497 2707698

തീയ്യതി : 03-12-2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

കടമ്പൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കടമ്പൂർ ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

--------------

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ

ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം).
3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1971/2016.

തീയ്യതി :03-12-2016.

<u>കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,*
*1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

<u>ആമുഖം</u>

കടമ്പൂർ ഗ്രാമ പഞ്ചായത്ത് 1-5-2016 മുതൽ 13-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 14-10-2016 മുതൽ 21-10-2016 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ലീലാകൃഷ്ണൻ എൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. അനൂപ് കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. രാജിമ എ.സി. | ഓഡിറ്റർ |

ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി. വി.വി. സാവിത്രി. | 1-4-2015 മുതൽ 31-10-2015 വരെ |
| | ശ്രീ. കെ.കെ. ഗിരീശൻ | 19-11-2015 മുതൽ 31-3-2016 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 1.ശ്രീ. ഉമേഷ്ബാബു കോട്ടായി, സെക്രട്ടറി<br>2.ശ്രീമതി. തുളസി ചെങ്ങാട്ട്, കൃഷി ഓഫീസർ<br>3.ശ്രീമതി. ജയശ്രീ പി.പി, ICDS സൂപ്പർവൈസർ | 1-11-2015 മുതൽ 18-11-2015 വരെ |
| സെക്രട്ടറി | ശ്രീ. ഉമേഷ്ബാബു കോട്ടായി | 01-04-2015 മുതൽ 31-03-2016 വരെ |

സി) <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കൃഷ്ണദാസ് പി. | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. തുളസി ചെങ്ങാട്ട് | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | ശ്രീ. റനിൽ പി. പി. | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജയശ്രീ പി.പി. | 1-4-2015 മുതൽ 14-1-2016 വരെ |
| | ശ്രീമതി. സുജയ വി.കെ. | 14-1-2016 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ PHC | ഡോ. സലില. | 1-4-2015 മുതൽ 11-6-2015 വരെ |
| | ഡോ. പി.ആർ. പ്രിയ. | 12-6-2015 മുതൽ 31-7-2015 വരെ |
| | ഡോ. ഇസ്മയിൽ സി.വി.ടി. | 1-8-2015 മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജൻ | ഡോ. അനിൽ കുമാർ സി | 1-4-2015 മുതൽ 2-10-2015 വരെ |
| | ഡോ. ഷൈനി കെ | 3-10-2015 മുതൽ 29-12-2015 വരെ |
| | ഡോ. സുരേഷ് കുമാർ വി.ആർ. | 30-12-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ടി വി. ബാലകൃഷ്ണൻ. | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 –പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | അനുബന്ധ പത്രികകൾ | 1-11 | |
| ഭാഗം 2 –വരവ്കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല | 2-1 | |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ | 2-2 | |
| 14 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ | 2-3 | |
| 15 | കെട്ടിടം കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ്-പൂർത്തീകരണം നിരീക്ഷിക്കുകയോ പുതുക്കിയ വസ്തുനികുതി ഈടാക്കുകയോ ചെയ്യുന്നില്ല. | 2-4 | |
| ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | എസ്.എസ്.എ വിഹിതം -ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹3,38,058 യുടെ ചെലവ് തടസപ്പെടുത്തുന്നു | 3-1 | |
| 17 | ഗ്രാമ കേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കൽ-ബോർഡ് ഇതുവരെയും സ്ഥാപിക്കാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചതിനാൽ ₹ 16,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |
| 18 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തില്ല ₹23,545 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 | |

| | | | |
|---|---|---|---|
| | | | |
| 19 | ആശ്രയ പദ്ധതി - അപാകതകൾ | 3-4 | |
| 20 | കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥൻ ചുമതലകൾ നിറവേറ്റുന്നില്ല | 3-5 | |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16-ലെ ബജറ്റ് 25-3-2015 ലെ 37/14-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 1-3-2016-ലെ 29/16(1)- ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം (+) (-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 25,91,277 | 25,91,277 | 1,13,44,492 | | | |
| വരവ് | 5,15,95,000 | 3,64,19,069 | 2,42,64,914 | | | |
| ആകെ | 5,41,86,277 | 3,90,10,346 | 3,56,09,406 | | | |
| ചെലവ് | 5,15,32,845 | 3,79,36,344 | 3,22,23,925 | | | |
| നീക്കിയിരിപ്പ് | 26,53,432 | 10,74,002 | 33,85,481 | | | |

ബജറ്റ്/പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ തമ്മിൽ ഭീമമായ തുകയുടെ അന്തരമുണ്ട്. വരും വർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 30-7-2016 |

## 1-3 2015-16 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക കണക്കുകളിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാവസാന ഡെഫിസിറ്റ് തുക ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

3. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.

4. വർഷാവസാനം ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. 2014-15 ലെ ബാലൻസ് ഷീറ്റ് (B15) പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക (തൻവർഷം+മുൻവർഷം) ₹10,62,324യാണ്. 2015-16-ലെ RP 43 പ്രകാരമുള്ള കുടിശ്ശിക കലക്ഷൻ ₹1,86,792 യാണ്. ഇവ തമ്മിലുള്ള വ്യത്യാസം 2015-16-ലെ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിലെ കുടിശ്ശിക തുകയുമായി പൊരുത്തപ്പെടുന്നില്ല. ₹42,907 യുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

6. ആസ്തി ബാധ്യതാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

7. വാർഷിക കണക്കുകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തുന്നില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,13,44,492 |
| വരവ് | 2,42,64,914 |
| ആകെ | 3,56,09,406 |
| ചെലവ് | 3,22,23,925 |
| നീക്കിബാക്കി | 33,85,481 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1228960 & (₹1037136 other LSGI) | 5088780 (₹3456638 ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്) | 7354876 | 7354876 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 322356 | 275448 | 627804 | 627804 | 352356 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | 21000 | 21000 | 21000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1685312 | 3115982 | 4801294 | 4801294 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 980592 | 1523958 | 2504550 | 2504550 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 452376 | 2026563 | 2478939 | 2478939 | 1113461 | 0 |
| ലോക ബാങ്ക് സഹായം | 1990821 | 0 | 1990821 | 1990821 | 1990821 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 130 | 106 | 6 | 18 | 81.54 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 22 | 2849420 | 2795649 | 98.11 |
| കൃഷി ഓഫീസർ | 5 | 5 | 2224930 | 2224930 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 339000 | 337130 | 99.45 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 12 | 11 | 1488790 | 1449848 | 97.38 |
| അസി.എഞ്ചിനിയർ | 62 | 52 | 11055608 | 9862572 | 89.21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 1533790 | 1509519 | 98.42 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 2 | 2 | 200000 | 200000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 461010 | 362500 | 78.63 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3595185 | 2954062 | 641123 | (-)17.83 |
| നികുതിയേതര വരവുകൾ | 406063 | 557603 | 151540 | (+)37.32 |
| ആകെ | 4001248 | 351665 | 489583 | (-)12.24 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 61320 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 1104180 | 163 |
| വിധവാ പെൻഷൻ | 3978520 | 597 |
| വാർദ്ധക്യകാല പെൻഷൻ | 9120630 | 1363 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 1295315 | 167 |
| അവിവാഹിത പെൻഷൻ | 1166960 | 152 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2016-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹5,882 യുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5-7-2016 | 1-4-2016 മുതൽ 30-6-2016വരെ | 19-7-2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 18-3-2011 | 2005-06 മുതൽ 2009-10 വരെ | 6-5-2011 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്

3. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
4. രസീത് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല

കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരവിനമായ വസ്തു നികുതി പിരിവിനത്തിൽ 2015-16 വർഷം വൻതോതിലുള്ള കുറവ് വന്നിട്ടുണ്ട്. വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള ₹5,74,849 യിൽ ₹1,86,792 മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ തൻവർഷത്തെ വസ്തു നികുതി ഡിമാന്റായ ₹21,56,728 യിൽ ₹15,21,557 മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകളിൽ പ്രധാന ഇനമായ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി - അപാകങ്ങൾ

2014-15 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 54 സ്ഥാപനങ്ങളിൽ നിന്നാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. 2015-16 വർഷവും ഇതേ സ്ഥാപനങ്ങൾ മാത്രമേ ഡിമാൻഡിൽ വന്നിട്ടുള്ളൂ. കടമ്പൂർ പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ 2014-15 വർഷം ₹9,91,120 വരുമാനം ഉണ്ടായിരുന്നെങ്കിലും 2015-16 വർഷം അത് ₹9,81,670 യായി കുറഞ്ഞു. തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി റിട്ടേണുകൾ വാങ്ങിക്കാതെ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കുന്നു

കടമ്പൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിരവധി ബിസിനസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളുടെ ബിസിനസ് ടേൺ ഓവർ കാണിക്കുന്ന റിട്ടേൺസ് ഹാജരാക്കാനും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം കാണിക്കുന്ന റിട്ടേൺസ് ഹാജരാക്കാനും ആവശ്യപ്പെട്ടു കൊണ്ട് കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി) മുതൽ 205 (എഫ്) വരെയും കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10,13 എന്നിവ പ്രകാരം പഞ്ചായത്ത് ബിസിനസ് സ്ഥാപനങ്ങൾക്കൊന്നും തന്നെ നോട്ടീസ് നൽകുകയോ അവരിൽ നിന്നും റിട്ടേൺസ് വാങ്ങിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയോ ചെയ്തിട്ടില്ല. ബിസിനസിലെ യഥാർത്ഥ വരുമാനത്തിനെ ആധാരമാക്കാതെ വാർഡിന്റെ ചുമതലയുള്ള ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടിനെ മാത്രം ആധാരമാക്കി നികുതി ചുമത്തുന്നത് വരുമാനച്ചോർച്ചയ്ക്ക് കാരണമാകുന്നതാണ്. പഞ്ചായത്ത് പരിധിയിലെ ബിസിനസ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ, അവരുടെ അർദ്ധവാർഷിക വരുമാനം എന്നിവ അടങ്ങുന്ന റിട്ടേണുകൾ ബന്ധപ്പെട്ട തൊഴിലുടമകളിൽ നിന്നു വാങ്ങിക്കാത്തത് മൂലം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പഞ്ചായത്തിന് കഴിയുന്നില്ല. പഞ്ചായത്ത് പരിധിയിലെ ചില ബിസിനസ് സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു ഇത്തരം

സ്ഥാപനങ്ങളിലെ ജീവനക്കാരെ കൂടി തൊഴിൽ നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| സൂരജ് പോത്തൻ, ദേവരാഗം, ചാല | 1/302 Q | ഇന്റർക്രാഫ്റ്റ് സൗത്ത് എക്സ്പോർട്ട് ഓഫീസ് |
| മോഹൻ പോത്തൻ, ദേവരാഗം, ചാല | 1/302 R | എസ് എസ് ആർ ടെക്സ്റ്റയിൽസ് |
| പ്രവീൺ കുമാർ, ആഡൂർ | 2/61 | വെസ്റ്റേൺ ഇന്ത്യ ട്രേഡിംഗ് കമ്പനി |

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പുതിയ സ്ഥാപനങ്ങളെ ചേർക്കുന്നതിന് വേണ്ടിയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല

ഓഡിറ്റ് വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 21 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം സ്ഥാപനം നോട്ടീസ് നൽകുകയോ ബന്ധപ്പെട്ടവരിൽ നിന്നുള്ള മറുപടിയെ അടിസ്ഥാനമാക്കി സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും അത്തരം സ്ഥാപനങ്ങളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാനും തൊഴിൽ നികുതിയിനത്തിലുള്ള വരുമാനച്ചോർച്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം 290 ലൈസൻസ് അപേക്ഷകളിൻമേലാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ തുക ലഭ്യമായിട്ടുണ്ടെങ്കിലും ഡി&ഒ ലൈസൻസ് ഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡി&ഒ ലൈസൻസ് അനുവദിക്കുന്നത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെ: പഞ്ചായത്ത് പരിധിയിലെ ചില അപേക്ഷകളിൻമേൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ആവശ്യമായ അനുമതി പത്രങ്ങളില്ലാതെയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ | വാർഡ് / | സംരംഭം | സമർപ്പിക്കാത്ത |
|---|---|---|---|

| പേര് | കെട്ടിട നമ്പർ | | സർട്ടിഫിക്കറ്റുകൾ |
|---|---|---|---|
| പി. സന്തോഷ് ബാബു കൃഷ്ണാലയം, കാടാച്ചിറ | 4/214 B | വുഡ് ഇൻഡസ്ട്രീസ് | വനം വകുപ്പിൽ നിന്നുള്ള സമ്മതപത്രം |
| പ്രമോദ് എൻ.കെ. വാനമ്പേത്ത് ഹൌസ് കാടാച്ചിറ | 12/305 | വുഡ്ക്രാഫ്റ്റ് | വനം വകുപ്പിൽ നിന്നുള്ള സമ്മതപത്രം |
| കെ. മണി കുന്നത്തിൽ വീട്,കടമ്പൂർ | 11/382 | വുഡ്ക്രാഫ്റ്റ് | വനം വകുപ്പിൽ നിന്നുള്ള സമ്മതപത്രം |
| അബ്ദുസലാം ടി.വി. തൈവളപ്പിൽ, കോട്ടൂർ | 5/1 | വുഡ്ക്രാഫ്റ്റ് | വനം വകുപ്പിൽ നിന്നുള്ള സമ്മതപത്രം |
| കെ. രാജീവൻ കുനിയിൽ വീട്, കാടാച്ചിറ | 8/6 | ഫയർ വർക്സ് | അഗ്നിശമന സേനയിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് |

## 2-4 കെട്ടിടം കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ്-പൂർത്തീകരണം നിരീക്ഷിക്കുകയോ പുതുക്കിയ വസ്തു നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

2008 മുതൽ 2012 വരെയുള്ള കാലയളവിൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കുന്നതിനായി 47 പെർമിറ്റുകൾ നൽകിയിട്ടുണ്ട്. എങ്കിലും പ്രസ്തുത കെട്ടിടങ്ങളിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങളും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റുകൾ പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ 2/17-10-2016-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല എന്നുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. മേൽ കെട്ടിടങ്ങളിൽ 31 എണ്ണം പെർമിറ്റുകൾ പുതുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെയും പൂർത്തീകരണം നിരീക്ഷിക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ നികുതി നിർണ്ണയം നടത്തുകയോ ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയത് പഞ്ചായത്തിന് വൻതോതിലുള്ള ആവർത്തന വരുമാന നഷ്ടത്തിനിടയാക്കുന്നുണ്ട്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന് ഈ രീതിയിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എ വിഹിതം -ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹3,38,058 യുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 14/16

വകയിരുത്തിയ തുക : ₹3,38,058 (വികസന ഫണ്ട്)

ചെലവു തുക : ₹3,38,058

ബിൽ നമ്പർ/തീയ്യതി : 8/15-16/9-9-2015

എസ്.എസ്.എ. കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസറുടെ വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച തുകയായ ₹3,38,058 മേൽ പ്രോജക്ട് പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക വർക്ക് പ്ലാൻ ബഡ്ജറ്റ് പ്രകാരം ഉദ്ദേശിച്ച പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെട്ടത് സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,38,058 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-2 ഗ്രാമ കേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കൽ-ബോർഡ് ഇതുവരെയും സ്ഥാപിക്കാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചതിനാൽ ₹16,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ/പേര് : 147/16 ഗ്രാമകേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കൽ

വകയിരുത്തിയ തുക : ₹30,000 തനതുഫണ്ട്

ചെലവു തുക : ₹16,000

ചെക്ക് നമ്പർ/തീയ്യതി : 3012057/31-3-2016

ഗ്രാമപഞ്ചായത്തിലെ 8 ഗ്രാമകേന്ദ്രങ്ങൾക്ക് ബോർഡ് സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്റ്റ പ്രകാരം ₹16,000 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആറ് ബോർഡുകൾ ഗ്രാമ കേന്ദ്രങ്ങളിൽ സ്ഥാപിക്കാതെ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. രണ്ട് ബോർഡുകൾ ഏതൊക്കെ ഗ്രാമ കേന്ദ്രങ്ങളിലാണ് സ്ഥാപിച്ചത് എന്നത് സംബന്ധിച്ച് വ്യക്തമായ വിവരവും ലഭ്യമായിട്ടില്ല. ആയതിനാൽ ₹16,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ ഫർണിച്ചർ

## സ്റ്റോക്കിലെടുത്തില്ല - ₹23,545 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 110/16

പ്രോജക്ടിന്റെ പേര് : അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ

വകയിരുത്തിയ തുക : ₹35,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹23,545

ബിൽ നമ്പർ/തീയ്യതി : 10/MGNR/15-16/21-3-2016

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം സിഡ്കോ സെയിൽസ് എംപോറിയം, സൗത്ത് ബസാർ, കണ്ണൂർ എന്ന സ്ഥപനത്തിൽ നിന്നും ₹23,545യ്ക്ക് താഴെപ്പറയുന്ന ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | Steel Table 135x75x75cm 20g with three drawer and one cupboard | 1 |
| 2 | Revolving Chair medium back with push back 22g | 1 |
| 3 | Executive High Revolving Chair 22g | 1 |

മേൽപ്പറഞ്ഞ ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹23,545 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ആശ്രയ പദ്ധതി - അപാകതകൾ

കടന്നൂർ ഗ്രാമ പഞ്ചായത്തിൽ പത്താം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി 2004-05 വർഷത്തിൽ അഗതി പുനരധിവാസ പദ്ധതിക്ക് രൂപം നൽകുകയും, 03-03-04-ലെ 55- ാം ഭരണ സമിതി തീരുമാന പ്രകാരം പത്ത് ഗുണഭോക്താക്കളെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് 2010-11-ൽ റീ വിസിറ്റ് നടത്തി പതിനേഴ് ഗുണഭോക്താക്കളെ നിശ്ചയിക്കുകയും പ്രോജക്ട് 02-02-2010-ൽ ഭരണ സമിതി 28/10 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2013-16-ൽ പുതിയ പദ്ധതിക്ക് അംഗീകാരം നൽകുന്നതുവരെയുള്ള ചെലവ് ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയത് ₹ | ചെലവഴിച്ചത് ₹ |
|---|---|---|
| 2004-05 | 6,13,530 | 1,23,600 |
| 2010-11 | 1,94,200 | 30264 |
| ആകെ | 8,07,730 | 1,53,864 |

2013-16-ൽ തയ്യാറാക്കിയ രണ്ടാം ഘട്ടം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ആകെ 16 ഗുണഭോക്താക്കളിൽ ഒരാൾക്ക് വീട് വെക്കുന്നതിന് സ്ഥലം ആവശ്യമുണ്ടെങ്കിലും നാളിതു വരെയായി നൽകിയിട്ടില്ല. വീട് ആവശ്യമുള്ള 6 പേരിൽ 2 പേർക്ക് മാത്രമാണ് വീട് നിർമിച്ചു നൽകിയിട്ടുള്ളത്. വീട് റിപ്പയറിംഗ്, കുടിവെള്ള സൗകര്യം എന്നിവ ആവശ്യമുള്ള 2 പേരിൽ ആർക്കും തന്നെ അവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ആരംഭിച്ച ആദ്യവർഷത്തിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ പരിമിതമായ ഫണ്ട് മാത്രം വകയിരുത്തുന്നതിനാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങൾക്ക് ധനസഹായം ലഭ്യമാകുന്ന അവസ്ഥയാണ് കൈവന്നിട്ടുള്ളത്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യം നിറവേറ്റപ്പെടാത്ത സാഹചര്യമാണ് നിലനിൽക്കുന്നത് എന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-5 കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥൻ ചുമതലകൾ നിറവേറ്റുന്നില്ല

കടന്നൂർ ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥൻമാരിൽ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ഉൾപ്പെടുന്നു. കടന്നൂർ, കാടാച്ചിറ എന്നീ സർക്കിളുകളിലേക്കാണ് രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിച്ചിരിക്കുന്നത്. 2015-16 വർഷം 11 പ്രോജക്ടുകളിലായി ₹31,53,900 വകയിരുത്തുകയും വി.ഇ.ഒ ₹17,97,348 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 57% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ നടപ്പാക്കിയ മുഴുവൻ പ്രോജക്ടുകളും നിർവഹണം നടത്തിയത് കടന്നൂർ സർക്കിളിലെ വി.ഇ.ഒ ആയ ശ്രീ. റനിൽ എന്ന ഉദ്യോഗസ്ഥൻ മാത്രമാണ്. 2015-16 വർഷം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കാടാച്ചിറ സർക്കിളിലെ വി.ഇ.ഒ യെ ചുമതലപ്പെടുത്തുകയോ പ്രോജക്ടുകൾ നടപ്പാക്കുകയോ ചെയ്തിട്ടില്ല. കണ്ണൂർ ജില്ലയിലെ മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ പ്രോജക്ടുകളുടെ നിർവഹണം നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെ അഭാവം നില നിൽകുന്ന ഘട്ടത്തിൽ കടന്നൂര് പഞ്ചായത്തിന് കൈമാറിക്കിട്ടിയ കാടാച്ചിറ സർക്കിളിലെ വി.ഇ.ഒ ജനകീയാസൂത്രണ പദ്ധതികളിൽ നിന്ന് ഒഴിഞ്ഞു നിൽക്കയാണെന്ന ഗൗരവകരമായ വസ്തുതയിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1,00,000 | 84/16<br>പാലിയേറ്റീവ് കെയർ | 1,00,000 | ഇല്ല |
| | 1,50,000 | 31/16<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,50,000 | ഇല്ല |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | 31/16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,50,000 | ഇല്ല |
| സെൻട്രൽ ഷെയർ | 1,99,388 | 28/16, 126/15<br>അംഗൻവാടി പോഷകാഹാരം | 1,99,388 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | എക്കാൽ മെട്ട SC കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റ് | 21500862 | 86570 | 86570 | പൂർത്തീകരിച്ചു | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

------------ഇല്ല----------------

## 4-4 വായ്പകൾ

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

--------ഇല്ല-----------

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

---------ഇല്ല-----------

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-----------ഇല്ല----------

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ₹17955 ഈടാക്കിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക ₹ | തുക ഒടുക്കിയവരുടെ പേര് വിവരം | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2008-09 മുതൽ 2010-11 വരെ | 2-2 | 1800 | കെ. ഷാജിനി, ഓവർസിയർ | 11502100319 27-4-2015 |

| | | | | | |
|---|---|---|---|---|---|
| 2 | | 3-3 | 1000 | കെ. ഷാജിനി, ഓവർസിയർ | 11502100318 27-4-2015 |
| 3 | | 3-3 | 1000 | ഹിരോഷ, അക്കൗണ്ടൻറ് MGNREGS | 11502104810 30-3-2016 |
| 4 | 2011-12, 2012-13 | 2-2 | 5000 | ഇഖ്റ ഇംഗ്ലീഷ് സ്കൂൾ, കോട്ടൂർ | 11502100136 10-4-2015 |
| 5 | | 3-10 | 969 | മുബീന പി, LDC | 11502100861 2-7-2015 |
| 6 | | 3-10 | 1380 | ബിബിന സ്വാമിനാഥൻ, LDC | 11502100855 2-7-2015 |
| 7 | | 3-10 | 1040 | അനീഷ പി.വി, UDC | 11502100856 2-7-2015 |
| 8 | | 3-10 | 1740 | ടി.വി. ബാലകൃഷ്ണൻ, HC | 11502100857 2-7-2015 |
| 9 | | 3-10 | 486 | കെ. യശോദ, ആയ | 11502100858 2-7-2015 |
| 10 | | 3-10 | 558 | കെ. സുധ, നഴ്സറി ടീച്ചർ | 11502100859 2-7-2015 |
| 11 | | 3-10 | 630 | ബാലകൃഷ്ണൻ വി, PTS | 11502100860 2-7-2015 |
| 12 | | 3-10 | 1122 | സജീവൻ, LDC | 11502101008 |

| | | | | | |
|---|---|---|---|---|---|
| | | | | | 16-7-2015 |
| 13 | | 3-10 | 1230 | ജയശ്രീ, പ്യൂൺ | 11502104810<br>30-3-2016 |
| ആകെ | | | 17955 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

----------ഇല്ല----------

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹ | 2,42,64,914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹ | 3,22,23,925 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 3,77,603 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-------ഇല്ല--------

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,38,058 | ശ്രീ. ഉമേഷ്ബാബു കോട്ടായി, സെക്രട്ടറി |
| 3-2 | 16,000 | ശ്രീ. ഉമേഷ്ബാബു കോട്ടായി, സെക്രട്ടറി |
| 3-3 | 23,545 | ശ്രീ. കൃഷ്ണദാസ് പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3,77,603 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

-------------ഇല്ല------------

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--------------ഇല്ല-----------

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

--------------ഇല്ല-----------

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്/കെ.എൻആർ/സി2/182/09(12) തീയതി 19-04-2012 | 1 |
| 2003-04 | എൽ.എഫ്/കെ.എൻആർ/സി2/159/15(5) തീയതി 06-10-2015 | 5 |
| 2004-05 | എൽ.എഫ്/കെ.എൻആർ/സി2/159/15(4) തീയതി 06-10-2015 | 4 |
| 2005-06 | എൽ.എഫ്/കെ.എൻആർ/സി2/159/15(3) തീയതി 06-10-2015 | 7 |
| 2006-07 | എൽ.എഫ്/കെ.എൻആർ/സി2/159/15(2) തീയതി 06-10-2015 | 12 |
| 2007-08 | എൽ.എഫ്/കെ.എൻആർ/സി2/159/15(2) തീയതി 06-10-2015 | 17 |
| 2008-09, 2009-10, 2010-11 | എൽ.എഫ്/കെ.എൻആർ/സി2/159/15(1) തീയതി 06-10-2015 | 15 |

| | | |
|---|---|---|
| 2011-12, 2012-13 | എൽ.എഫ്/കെ.എൻആർ/സി2/723/14 തീയതി 05-12-2014 | 23 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി2/1002 തീയതി17-6-2016 | 2 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1971/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ :04972-707698

ഇ.മെയിൽ :*lfaddistofficeknr@gmail.com*

തീയ്യതി : 03.12.2016.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

## AUDIT CERTIFICATE

No. KSA/KNR/C2/1971/2016

Kerala State Audit Department

District Audit Office, Kannur,

Phone :04972-707698

E-Mail :*lfaddistofficeknr@gmail.com*

Date :03.12.2016.

Certified that I have audited the Annual Financial Statement of KADAMBUR Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of KADMBUR Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR.

## അനുബന്ധം- 2

# BALANCE SHEET OF KADAMBOOR GRAMA PANCHAYAT AS ON 31-03-2016

| Code No. | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 4430794.00 |
| 311000000 | Earmarked Funds | B-2 | 16299.00 |
| 312000000 | Reserves | B-3 | 14472930.00 |
| | Total Reserve & Surplus | | 18920023.00 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 103913.00 |
| | Total Grants,Contribution for specific purposes | | 103913.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 260294.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 577928.00 |
| | Total Current Liabilities and Provisions | | 838222.00 |
| | TOTAL LIABILITIES | | 19862158.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 22094239.00 |
| 411000000 | Accumulated Depreciation | B-11 | (7703905.00) |
| 412000000 | Capital Work In Progress | B-11(a) | 346587.00 |
| | Total Fixed Assets | | 14736921.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1515702.00 |
| 450000000 | Cash and Bank balance | B-17 | 3385481.00 |
| 460000000 | Loans, Advances and Deposits | B-18 | 224054.00 |
| | Total Current Assets,Loans and Advances | | 5125237.00 |
| | TOTAL ASSETS | | 19862158.00 |

## അനുബന്ധം -3

# INCOME AND EXPENDITURE STATEMENT OF KADAMBOOR GRAMA PANCHAYAT FOR THE PERIOD FROM 01-04-2015 TO 31-03-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3418741.00 |
| 130000000 | Rental Income from panchayat properties | I-3 | 350.00 |
| 140000000 | Fees & User Charges | I-4(b) | 360380.00 |
| 150000000 | Sale & Hire Charges | I-5(b) | 172401.00 |
| 151000000 | Receipts From Transferrred Institutions | 1-5(a) | 8140.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 46446413.00 |
| 171000000 | Interest Earned | I-8 | 38072.00 |
| 180000000 | Other Income | I-9 | 4000.000 |
| A | Total Income | | 50448497.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6342848.00 |
| 220000000 | Administrative Expenses | I-11(b) | 655462.00 |
| 230000000 | Operations & Maintenance | I-12(b) | 895201.00 |
| 240000000 | Interest & Finance Charges | I-13 | 33063.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5477185.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 10303985.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 324517.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 5000.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 16975408.00 |
| 255000000 | Maintance Projects | I-14(e) | 6177742.00 |
| 270000000 | Provisions and Write off | I-16 | 1755.00 |
| 272000000 | Depreciation | I-17(a) | 5260103.00 |
| B | Total Expenditure | | 52452269.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (2003772.00) |
| D= 280000000 | Prior Period Item | I-18 | (703282.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (1300490.00) |

| | | | |
|---|---|---|---|
| | | | |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |